**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**12 APRIL 2019**
**05 SHABAAN 1440 AH**

# WHICH JIHAD?
## ഏത് ജിഹാദ്?

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ഏത് ജിഹാദ്** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ജിഹാദ് എന്നത് മതപരമായ ഒരു ഉത്തരവാദിത്വമാണ്, വിശ്വാസത്തിലൂന്നിയ ഒരു പ്രവർത്തിയാണത്. വിശുദ്ധഖുർആൻ ഓരോ വിശ്വാസിയോടും നിഷ്ക്കർഷിച്ചിട്ടുള്ള കാര്യവുമാണത്. അത്ഭുതം തന്നെ! ഇസ്ലാമിക അധ്യാപനങ്ങൾ ഒരുവശത്ത്, മുസ്ലിംകൾക്ക് വളരെ കുറച്ചു മാത്രമാണ് ഇസ്ലാമിനെകുറിച്ചുള്ള അറിവുള്ളത്, മറുവശത്ത് മുസ്ലിംകൾ അല്ലാത്തവർ അതിനെ അധിക്ഷേപിച്ചുകൊണ്ടിരിക്കുന്നു. ആയതിനാൽ മനുഷ്യമനസ്സുകളിൽ, തെറ്റായ അനേകം ആശയങ്ങൾ, ഇസ്ലാമിനെകുറിച്ച് കടന്നുകൂടിയിരിക്കുകയാണ്.

മുസ്ലിംകളിൽ അനേകം ആളുകളും ജിഹാദ് (അഥവാ പരിശുദ്ധയുദ്ധം) എന്ന പദത്തിന്റെ മറവിൽ, ഏത് പോരാട്ടവും, ഏത് തർക്കവും പരിഹരിക്കുന്നതിന് സൗകര്യപ്രദവും ശരിയായതുമാക്കി ജിഹാദിനെ മാറ്റിയിരിക്കുകയാണ്. അവരുടെ താത്പര്യങ്ങൾ അപകടത്തിലാകുമ്പോൾ!(അത് പരിഹരിക്കുവാനായി) അങ്ങനെ എല്ലാ വഴികളും, ഏറ്റവും നിന്ദ്യമായ വഴികൾ ആണെങ്കിൽ പോലും, അത് ഏറ്റവും നല്ലതായി അവർക്ക് കാണിക്കപ്പെടുന്നു. മുസ്ലിംകൾ അല്ലാത്തവരെ സംബന്ധിച്ചിടത്തോളം, അവർ പണ്ടു മുതൽ തന്നെ ജിഹാദിനെ മനസ്സിലാക്കിയിരിക്കുന്നത്, മുസ്ലിംകൾ അല്ലാത്തവർക്കെതിരിലുള്ള പരിശുദ്ധയുദ്ധമായിട്ടാണ്, ഇസ്ലാം മതം വ്യാപിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി! ജിഹാദിനെ എതിർക്കുന്ന ആളുകൾക്കായി,

യഥാർത്ഥത്തിൽ എന്താണ് ജിഹാദ് എന്ന് വിശുദ്ധഖുർആന്റെയും വിശുദ്ധ റസൂൽ(സ)യുടെ അധ്യാപനങ്ങളുടെയും വെളിച്ചത്തിൽ വിശദീകരിക്കേണ്ടതു അനിവാര്യമായിരിക്കുന്നു. ജിഹാദിനെ സംബന്ധിച്ചുള്ള പ്രസംഗപരമ്പരയിലൂടെ, ഭീകരവാദം, ഇസ്ലാമോഫോബിയ ഇവ വിശദീകരിച്ച സ്ഥിതിക്ക് ഇസ്ലാമിന്റെ ഉറവിടത്തിലേക്ക് മടങ്ങുകയും അവിടെ നിന്നുതന്നെ ജിഹാദിനെ വിശദീകരിക്കുകയും ചെയ്യേണ്ടത് അനിവാര്യമായി ഞാൻ മനസ്സിലാക്കുന്നു.

ജിഹാദ് എന്ന വാക്ക് ജുഹ്ദ് എന്ന വാക്കിൽ നിന്നുള്ളതാകുന്നു. ഒരാളിന്റെ കഴിവിന്റെ അങ്ങേഅറ്റം പരിശ്രമിക്കുക എന്നാകുന്നു പ്രസ്തുത വാക്കിന്റെ അർത്ഥം. (അൽഅൻകബൂത് (29:7) മുസ്ലിംകളെ സംബന്ധിച്ചിടത്തോളം ജിഹാദ് വളരെ പ്രാധാന്യമുള്ള ഒരു കല്പനയാണ്. വിശുദ്ധഖുർആനിൽ 36ൽ കുറയാതെയുള്ള സ്ഥലങ്ങളിൽ ജിഹാദ് എന്ന പദം പരാമർശിച്ചിട്ടുണ്ട്. വസ്തുത ഇതാണ്, വിശ്വാസിക്കുവേണ്ടി നിഷ്ക്കർഷിച്ചിട്ടുള്ള എല്ലാ വിശ്വാസ പ്രവർത്തനങ്ങൾക്കും (അതായത് പ്രാർത്ഥന, വ്രതാനുഷ്ഠാനം, സക്കാത്ത്, മക്കാ തീർത്ഥാടനം) അത്രത്തോളം പ്രാധാന്യമാണുള്ളത്. വ്യക്തിയുടെ ദൗർബല്യങ്ങൾ മറികടക്കുന്നതിന് ആത്മീയമായ ഇത്തരം ഗൃഹപാഠങ്ങൾ രൂപകല്പന ചെയ്തിരിക്കുകയാണ്. ജിഹാദ് സമ്പൂർണ്ണമായിരിക്കുവാൻ അവനെ അപ്രകാരമാണ് തയ്യാർ ചെയ്യുന്നത്. ജിഹാദ് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമ്പോൾ, മൂന്ന് രീതിയിലുള്ള പോരാട്ടങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നതായി കാണാം.

1. ഒരുവൻ തന്റെ നഫ്സിനെതിരിൽ നടത്തുന്ന പോരാട്ടം
2. എല്ലാ രീതിയിലുള്ള തിന്മയ്ക്കെതിരിലുമുള്ള പോരാട്ടം
3. ശത്രുസൈന്യത്തിനെതിരിലുള്ള പോരാട്ടം

ഈ മൂന്നു രീതിയിലുള്ള ജിഹാദുകളെ നമുക്ക് താഴെപറയുന്ന രീതിയിൽ വേർതിരിക്കാവുന്നതാണ്.

1. ജിഹാദ് അക്ബർ
2. ജിഹാദെ കബീർ
3. ജിഹാദെ സഗീർ,

അതായത് ഏറ്റവുംവലിയജിഹാദ്, വലിയജിഹാദ്, ചെറിയ ജിഹാദ്

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) ജിഹാദെ അക്ബ

റിനെ ഏറ്റവുംവലിയജിഹാദ് ഏറ്റവും പരമോന്നതമായ ഏറ്റവും മഹത്വ പൂർണ്ണമായ പോരാട്ടമായി കണക്കാക്കുകയുണ്ടായി. അദ്ദേഹം തബൂക്ക് യുദ്ധത്തിനു ശേഷം തന്റെ സൈന്യവുമായി മടങ്ങി വരുമ്പോൾ അദ്ദേഹം പറയുകയുണ്ടായി, നിങ്ങൾ ചെറിയജിഹാദ് ഇപ്പോൾ പൂർത്തിയാക്കിയിരിക്കുന്നു. ഏറ്റവുംവലിയജിഹാദ് അവശേഷിച്ചിരിക്കുകയാണ്.

## JIHADI AKBAR : ജിഹാദി അക്ബർ: ഏറ്റവും വലിയ ജിഹാദ്

ഒരാൾ തന്നിലുള്ള മോശമായ ചായ്‌വകൾക്കും, വാഞ്ചകൾക്കു മെതിരിൽ അവിശ്രമമായി സ്വയം പോരാടുന്നതിനാണ് ജിഹാദ് അക്ബർ എന്നു പറയുന്നത്. ഇത് രാജ്യത്തിനു വേണ്ടിയുള്ള (രാജ്യം, രാഷ്ട്രം, ഗവൺമെന്റ്, ഇസ്ലാമിക്) പോരാട്ടമല്ല, ഇത് ഒരു വ്യക്തി തന്റെ ദൗർബല്യങ്ങൾക്കെതിരിൽ, ഇച്ഛകൾക്കെതിരിൽ, ദൈവനിരാസത്തിനെതിരിൽ, വ്യഭിചാരത്തിനെതിരിൽ, നുണകൾക്കെതിരിൽ, വഞ്ചനക്കെതിരിൽ, ഭൗതികതക്കെതിരിൽ പോരാടുന്ന പോരാട്ടമാകുന്നു. കാര്യം ഇങ്ങനെയാണെങ്കിൽ ഭരണകൂടത്തിന് ഈ പോരാട്ടത്തിൽ പൗരനെ സഹായിക്കുവാൻ ബാധ്യതയുണ്ട്, അവന്റെ ആന്തരിക ശുദ്ധീകരണത്തിന് അനുയോജ്യമായ അവസ്ഥകൾ സൃഷ്ടിക്കുന്നതിൽ, ഭരണകൂടം അതിന്റേതായ പങ്കു വഹിക്കേണ്ടതാണ്. ഒരു വ്യക്തിയുടെ ആന്തരിക ശുദ്ധീകരണവഴിയിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്ന സാമൂഹ്യപശ്ചാത്തലം ഇല്ലാതാക്കേണ്ടത് ഭരണകൂടത്തിന്റെ ബാധ്യതയാണ്. (ഉദാഹരണമായി പറഞ്ഞാൽ ലഹരിസാധനങ്ങൾ വിൽക്കൽ, മയക്കുമരുന്നുകൾ ലഭ്യമാക്കൽ, ഭാഗ്യപരീക്ഷണം നടത്തൽ, കാമാസക്തിപരമായ പ്രവർത്തികൾക്കുള്ള സൗകര്യം ഏർപ്പെടുത്തൽ), ഇവയൊക്കെ ഭരണകൂടം നിർത്തൽ ചെയ്യേണ്ടതാണ്.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു, സംശുദ്ധത വിശ്വാസ(ഈമാൻ)ത്തിന്റെ പകുതിയാകുന്നു. ഈ പരിശുദ്ധത സൂചിപ്പിക്കുന്നത് ആത്മാവിന്റെ പരിശുദ്ധിയാണ്. എന്റെ അവലോകനമനുസരിച്ച് ഒരാത്മവിനെ അനാരോഗ്യകരമായ ഇച്ഛകൾ തടസ്സമുണ്ടാകുന്നതാണ്, ദൈവീകാനുഗ്രഹത്തെ, ഹൃദയങ്ങളിലേക്ക് പ്രവേശക്കുന്നതിന് ഇവകൾ തടസ്സം സൃഷ്ടിക്കുന്നതാണ്. ഒരുവന്റെ ആത്മാവ്, എല്ലാവിധ മോശമായ ചായ്‌വകളിൽ നിന്നും, ശുദ്ധീകരിക്കപ്പെട്ടാൽ, പ്രസ്തുത വ്യക്തി, ഏറ്റവും വലിയ ജിഹാദിനെ

സമ്പൂർണ്ണമാക്കിയവനായി, അതോടെ അവൻ അർത്ഥ വിശ്വാസം (പകുതി ഈമാൻ) നേടിക്കഴിഞ്ഞു. അതോടെ തന്റെ സൃഷ്ടാവിന്റെ അനുഗ്രഹം സ്വീകരിക്കുവാനുള്ള യോഗ്യത നേടിക്കഴിഞ്ഞു. ആത്മീയ പുരോഗതിയുടെ പാത പിന്തുടരുവാനുള്ള കഴിവു നേടിക്കഴിഞ്ഞു.

## JIHADI AKBAR : വലിയ ജിഹാദ്

ഉപദ്രവം ഉണ്ടാക്കുന്നതും അനാരോഗ്യകരവുമായതും,വ്യക്തിക്ക് ആവശ്യമില്ലാത്തതുമായ എല്ലാത്തിൽ നിന്നും മോചനം നേടുന്നതിനായുള്ള പോരാട്ടത്തിനാണ് വലിയ ജിഹാദ് എന്ന് പറയുന്നത്, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യോട് പ്രസ്തുത ജിഹാദിൽ ഏർപ്പെടുവാൻ അല്ലാഹു(ത) കല്പിക്കുകയുണ്ടായി, അല്ലയോ പ്രവാചകരെ! അവിശ്വാസികൾക്കും കപട വിശ്വാസികൾക്കുമെതിരിൽ പോരാടുക. അവരോട് കർശനനിലപാട് എടുക്കുകയും ചെയ്യുക.(അത്തൗബ 9:73)

ഈ വചനം ജിഹാദിനുള്ള വ്യക്തമായ കല്പനയാണ്. എന്നാൽ ഇതിനായി ആയുധം എടുക്കേണ്ടതില്ല. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) മക്കയിലെ അവിശ്വാസികൾക്കെതിരിൽ പ്രതിരോധയുദ്ധങ്ങളിൽ തീർച്ചയായും ഏർപ്പെട്ടിട്ടുണ്ട്, എന്നാൽ മദീനയിലെ കപടവിശ്വാസികൾക്കെതിരിൽ അദ്ദേഹം ആയുധമെടുത്തിട്ടില്ല. ഉഹ്ദ് യുദ്ധവേളയിൽ അവർ ഒറ്റിക്കൊണ്ടുത്തെങ്കിലും! ആയതിനാൽ ഒരു കാര്യം ഇതു വ്യക്തമാക്കുന്നു. അതായത് ഞാനിപ്പോൾ പറഞ്ഞ ജിഹാദ്, ആയുധം കൊണ്ടുള്ള ജിഹാദല്ല. അതിനാൽ നീ അവിശ്വാസികളെ അനുസരിക്കരുത്, അത് (ഖുർആൻ) കൊണ്ട് അവരുമായി വലിയ സമരം, ജിഹാദ് നടത്തുക (25:53)

ഈ വചനത്തിലൂടെ ഏറ്റവും ശക്തമായ ആയുധംകൊണ്ട് പോരാടുവാൻ പ്രവാചകൻ(സ) കല്പിക്കപ്പെട്ടിരിക്കുന്നു, അതായത് അല്ലാഹുവിന്റെ വചനം കൊണ്ട് ! ജിഹാദെ കബീറിന്റെ യഥാർത്ഥ ലക്ഷ്യം ഇതിലൂടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

ഇത് വളരെ ഔന്നത്യമുള്ള പോരാട്ടമാകുന്നു. വിശുദ്ധഖുർആനിൽ നിക്ഷപ്തമായിരിക്കുന്ന അധ്യാപനങ്ങളുടെ സൗന്ദര്യത്തെ വിശദീകരിക്കുവാനാണ് ആവശ്യപ്പെടുന്നത്, അതിലൂടെ ഇസ്ലാമിലേക്ക് ജനങ്ങളെ ക്ഷണിക്കുക, വ്യക്തിപരമായ നിലയിൽ, ഇതൊരു പോരാട്ടം തന്നെയാണ്, പ്രസ്തുത ജിഹാദ് വിജയകരമായി നിറ

വേറ്റുവാൻ കഴിയില്ല, ജിഹാദെ അക്ബർ (സ്വന്തം നഫ്സിനിതിരിലുള്ള പോരാട്ടം) പൂർത്തീകരിക്കാതെ!

ആനുഷംഗികമായതും കടകവിരുദ്ധമായ ഒരു വിശ്വാസം മുസ്ലിംകൾ അല്ലാത്തവരുടെ ഇടയിൽ വ്യാപകമായി പരന്നിട്ടുണ്ട്, അതായത് ഇസ്ലാം മതം പ്രചരിപ്പിക്കുന്നതിന് ആയുധം ഉപയോഗിക്കുന്നു എന്ന വിശ്വാസം !യഥാർത്ഥത്തിൽ ഇസ്ലാം മതപ്രചാരണത്തിന് ആയുധം ഉപയോഗിച്ചിട്ടില്ല എന്ന സത്യം നിലനില്ക്കെതന്നെ! തെളിവുകൾകൊണ്ടും വാദമുഖങ്ങൾകൊണ്ടും ഇസ്ലാം സമ്പന്നമാണ്, ശക്തിയോ സമ്മർദ്ദമോ ചെലുത്തി ഈ മതത്തെ പ്രബോധിപ്പിക്കേണ്ടതുണ്ട് എന്ന് ചിന്തിക്കുന്നതുപോലും വെറും ബാലിശമായ കാര്യമാണ്. അതുമാത്രമല്ല വിശുദ്ധഖുർആൻ അതു സ്വയംമേവ തന്നെ ആരാധനാ സ്വാതന്ത്ര്യം പ്രഖ്യാപിച്ചിരിക്കുന്നു. മതത്തിൽ യാതൊരുവിധ നിർബന്ധവുമില്ല (2:257)

## JIHAD- I- SAGIR : ചെറിയ ജിഹാദ്

ഇത് ചെറിയ ജിഹദാണ്. ഇത് പ്രധാനമായും ബാധിക്കുന്നത് ഭരണകൂടത്തെയാണ്. അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു. യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യുവാൻ) അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്, തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു. (22:40)

ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്നവർ പറയുന്നതൊഴിച്ച് (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽ നിന്ന് ബഹിഷ്ക്കരിക്കപ്പെട്ടവരാണവർ (22:41)

നിരൂപന്മാർക്കിടയിൽ പൊതുസമ്മതമുണ്ടായിട്ടുള്ള കാര്യമാണ്. അതായത് മുസ്ലിംകൾക്ക് പ്രതിരോധിക്കുവാനായി ആയുധം ഉപയോഗിക്കാമെന്ന്! അതായത് 40-ാം വചനത്തിൽ ആദ്യമായി അനുവാദം നല്കുന്നു. ഈ വചനം അവതരിച്ചത് പരിശുദ്ധ പ്രവാചകൻ(സ) മക്കയിൽ നിന്നും നിർബന്ധിതമായി മദീനയിലേക്ക് പലായനം ചെയ്യേണ്ടി വന്നതിനെതുടർന്നാണ്! 41-ാം വചനം ഈ പരികല്പനയ്ക്ക് പിൻബലമേകുന്നു. അതായത് പ്രതിരോധയുദ്ധത്തിന് അനുവാദം നല്കപ്പെടുന്നത്, മുസ്ലിംകൾ അവർ, അവരുടെ സ്വന്തം ഭവനങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ടശേഷമാകുന്നു.

വചനം 40ൽ പറയുന്നത് ഒരു പ്രതിരോധയുദ്ധം ചെയ്യാവുന്ന

താണ് എന്നതത്വം മുന്നോട്ടു വെയ്ക്കുന്നു. ഈ തത്വത്തിന്റെ അടിസ്ഥാനത്തിൽ, താരതമ്യേന ആയുധമില്ലാത്ത മുസ്ലിംകൾ, സായുധരായ മക്കൻ സൈന്യത്തെ പ്രതിരോധിക്കുവാനുള്ള അനുവാദം അവർക്ക് ലഭിക്കുന്നു, കാരണം അവർ ഉപദ്രവിക്കപ്പെട്ടിരിക്കുന്നു, അവർ അപമാനിക്കപ്പെട്ടിരിക്കുന്നു, അവർ പീഡിപ്പിക്കപ്പെട്ടിരിക്കുന്നു.

വചനം 41ൽ രണ്ടാമത്തെ കാരണം നല്കുന്നു അവർക്ക് ആയുധം എടുക്കാവുന്നതാണ്, അതിനായി അനുവാദം നല്കപ്പെട്ടിരിക്കുന്നു, കാരണം അവർ അന്യായമായി വീടുകളിൽ നിന്നും പുറത്താക്കപ്പെട്ടിരിക്കുന്നു. അവരുടെ ഒരേ ഒരു കുറ്റം അവർ ഒരു വിശ്വാസത്തിൽ പ്രവേശിച്ചു എന്നതാണ്. പ്രസ്തുത വിശ്വാസം എതിരാളികളുടെ വിശ്വാസത്തിനെതിരായിരുന്നു. പ്രസ്തുത വിശ്വാസകാരണത്താൽ, അസഹിഷ്ണുതയാൽ അവർ നിന്ദിക്കപ്പെട്ടു; ആക്രമിക്കപ്പെട്ടു; പീഡിപ്പിക്കപ്പെട്ടു. മൂന്നാമതൊരു വചനത്തിലൂടെ മുസ്ലിംകൾക്ക് അനുവാദം നല്കപ്പെട്ടിരിക്കുന്നു. അതായത് ആരാധനാ സ്വാതന്ത്ര്യവും, അഭിപ്രായ സ്വാതന്ത്ര്യവും പുനഃസ്ഥാപിക്കുന്നതുവരെ പോരാട്ടം തുടരുവാൻ, പീഢനം ഇല്ലാതാവുകയും മതം അല്ലാഹുവിനു വേണ്ടിയുള്ളതാവുകയും ചെയ്യുന്നവരെ നിങ്ങൾ അവരോട് പോരാടുക (2:194)

ചുരുക്കിപറഞ്ഞാൽ, ഏറ്റവും പരമമായ വലിയജിഹാദ്, ഒരു മനുഷ്യനെ രൂപാന്തരം വരുത്തി, അല്ലാഹുവിന്റെ തെരഞ്ഞെടുത്ത ഒരു പ്രതിനിധിവരെയാക്കി മാറ്റാൻ കഴിയുന്നതാണ്. വലിയ ജിഹാദ് അവനെ തന്റെ സമസൃഷ്ടികളെ സ്നേഹിക്കാനും, അല്ലാഹുവിന്റെ മാർഗത്തിൽ അവരെ ക്ഷണിക്കുകയും ചെയ്യുന്ന നിലവാരത്തിലേക്ക് അവനെ നയിക്കുന്നു. ചെറിയ ജിഹാദ് അവൻ നേടിയ വസ്തുവകകൾ, അവകാശങ്ങൾ, സ്വാതന്ത്ര്യം സംരക്ഷിക്കുവാനും അവനെ പ്രാപ്തനാക്കുന്നു. ഏറ്റവും മഹത്തായ പോരാട്ടം, തന്റെ തരംതാണ ഇച്ഛകൾക്കെതിരിലുള്ള പോരാട്ടവും, അല്ലാഹുവിന്റെ വചനങ്ങൾ പ്രചരിപ്പിക്കുവാനുള്ള അദ്ധ്വാനവും, ഇനി അടിയന്തരഘട്ടം നേരിട്ടാൽ സ്വയം പ്രതിരോധവും, പീഡകന്മാർക്കെതിരിലുള്ള പോരാട്ടവും, ആയുധമേന്തിയുള്ള പോരാട്ടം, ചെറിയ ജിഹാദുമായി കണക്കാക്കപ്പെടാവുന്നതാണ്.

ആയുധമേന്തിയുള്ള പോരാട്ടം, അതിൽ ഇസ്ലാം അനുവദിക്കു

ന്നത് അതിന്റെ ധനസംരക്ഷണം, രാജ്യസംരക്ഷണം, ആരാധനാ സ്വാതന്ത്ര്യസംരക്ഷണം ഇവ മാത്രമാകുന്നു. മറ്റൊരു യുദ്ധവും സാം ഗതമല്ല. ഇത്രയും കാര്യം ഇസ്ലാമിന്റേതായി തെളിവുകൾ സഹിതം ഹാജരാക്കിയിട്ടും ഇസ്ലാം അക്രമത്തിന് പ്രേരിപ്പിക്കുന്ന മതമാണെ ന്നാണോ പ്രചരിപ്പിക്കുന്നത്? ഇസ്ലാം പ്രബോധിക്കുന്നത് എന്താ ണെന്നും ഇസ്ലാമിസ്റ്റുകൾ പ്രവർത്തിക്കുന്നതെന്താണെന്നും ഇവിടെ വേർതിരിക്കേണ്ടതുണ്ട്, അത് അനിവാര്യമായിരിക്കുകയാണ്. ഇവ രണ്ടും രണ്ടു വിധ യാഥാർത്ഥ്യങ്ങളാണ്. ഇവ നമ്മെ മറ്റൊരു ചോദ്യ ത്തിൽ കൊണ്ടെത്തിക്കുന്നു. സമയാസമയങ്ങളിൽ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന ജിഹാദ് ഇസ്ലാമിക ജിഹാദാണോ? ഇസ്ലാമിക അധ്യാപനങ്ങൾക്ക് യോജിച്ചതാണോ? ഇറാഖ് ഇറാനെതിരിൽ നട ത്തിയ ആക്രമണം പ്രതിരോധയുദ്ധമായിരുന്നോ? പീഡിതർ പീഡ കർക്കെതിരിൽ നടത്തിയ പ്രതിരോധമായിരുന്നോ?

എന്റെ വിനീതമായ അഭിപ്രായ പ്രകാരം പലസ്തീൻ, ബോസ്നിയ, കൊസോവോ, മ്യാമർമുസ്ലിംകൾ, രോഹിൻഗ്യാമുസ്ലിം കൾ ഇവർ നടത്തുന്ന പോരാട്ടം മാത്രമെ, ഇന്നത്തെ നിലയിൽ ജിഹാ ദാകുകയുള്ളു. കാരണം അവർ വീടുകളിൽ നിന്നും പുറത്താക്കപ്പെ ട്ടിരിക്കുന്നു, രാജ്യത്ത് നിന്നും പുറത്താക്കപ്പെട്ടിരിക്കുന്നു, അവർ പീഡിപ്പിക്കപ്പെട്ടിരിക്കുന്നു. വിശ്വാസത്തിന്റെ പേരിൽ അടിച്ചമർത്ത പ്പെട്ട എല്ലാ മുസ്ലിംകൾക്കും ജിഹാദെ സഗീർ ചെയ്യുവാൻ അനു വാദം നല്കപ്പെട്ടിരിക്കുന്നു. അവരുടെ ജീവൻ രക്ഷിക്കുവാനും, അവ രുടെ അവകാശങ്ങളും സ്വാതന്ത്ര്യവും കാത്തു സംരക്ഷിക്കുവാനായി അവർക്ക് പോരാടാവുന്നതാണ്. ഈ ലോകത്തിലെ കരാഡിസ്ക്ക് (മുൻ സെർബിയ സൈന്യം മുൻ പ്രസിഡന്റ്)മാരോടും,മിലോസി വിക് (സെർബിയ മുൻ പ്രസിഡന്റ്)മാരോടും, ആയുധം കൊണ്ടല്ലാതെ മറ്റൊരു സംഭാഷണവും കൊണ്ട് സാധിക്കുകയി ല്ല, വീണ്ടും ഒരു കാര്യം കൂടി ഉണർത്തട്ടെ, ഒരു ഇസ്ലാമിക പരിപ്രേ ക്ഷ്യത്തിൽ, വിശുദ്ധയുദ്ധത്തിൽ ഏർപ്പെടുവാൻ ആഹ്വാനം നല്കേണ്ടത്, അനുവാദം നല്കേണ്ടത് അതിന്റെ ഒരു പരമാധി കാരി ആയിരിക്കണം. അത് അല്ലാഹുവിന്റെ ദൂതനിൽ കുറഞ്ഞ ഒരാ ളുമായിരിക്കാൻ പാടില്ല. (ദൈവീകവെളിപാടിലൂടെയായിരിക്കും അത് നല്കപെടുക) പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)യു ടെയും ഖുലഫാഉർറാഷിദീങ്ങളുടെയും അനുവാദത്തോടെയല്ലാതെ

പരിശുദ്ധ യുദ്ധം നടന്നതായി ഒരു ഇസ്ലാം മതവിശ്വാസിക്ക്, ഒരു മുസ്ലിമിന് വിശ്വാസിക്കുവാൻ കഴിയുമോ?

അല്ലാഹുവിന്റെ ഒരു ദൂതനില്ലാതെ, ഇസ്ലാമിന്റെ പകുതിഭാഗം മാത്രമെ പ്രവർത്തിപഥത്തിൽ വരികയുള്ളു എന്ന വസ്തുത അംഗീകരിക്കേണ്ടതാണ്. ഒന്നുകിൽ സമുദായത്തെ ഒരു ദൈവദൂതൻ നയിക്കേണ്ടി വരും. (അത്തരം ഒരു വിശ്വാസം നിലനിന്നിരുന്നു, എല്ലാ മുസ്ലിംകളും, നിയമവാഹകരല്ലാത്ത പ്രവാചകന്മാർ, വരുന്നതാണ് എന്നും, പ്രസ്തുത വാതിൽ തുറന്നു കിടക്കുന്നു എന്നും, അത് അടച്ചിട്ടില്ലാ എന്നും, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) യുടെ പ്രവചനം അനുസരിച്ച് നൂറ്റാണ്ടുകൾതോറും പുലരുന്നതാണെന്നും, അവന്റെ (അല്ലാഹു) ദീനിനെയും, റസൂൽ(സ)യുടെ അധ്യാപനത്തെയും, പുനരുദ്ധരിക്കുവാനായി, ആളുവരുന്നതാണെന്നുമുള്ള യാഥാർത്ഥ്യം നിലനില്ക്കുന്നു) കാലം ആവശ്യപ്പെടുന്ന കല്പനകൾ അത്തരം അവതാരങ്ങളിലൂടെ നടപ്പിലാക്കുന്നതാണെന്നുമുള്ള യാഥാർത്ഥ്യം അവശേഷിക്കുന്നു, അങ്ങനെ അനേകം കാര്യങ്ങൾ, ആയുധംകൊണ്ടുള്ള യുദ്ധം ഉൾപ്പെടെ, അത്തരം നേതാവിന്റെ അഭാവത്തിൽ (അനുവാദമില്ലാതെ) നിരോധിക്കപ്പെട്ടതാണെന്നുമുള്ള യാഥാർത്ഥ്യം നമ്മുടെ മുൻപാകെ നില്ക്കുന്നു. ചിന്തിക്കുന്നവർക്ക് ചിന്തിക്കുവാൻ വേണ്ടിയാണ് ഞാനിത് സമർപ്പിക്കുന്നത്.

അല്ലാഹു(ത) മുസ്ലിംകളുടെ മേലും മാനവകുലത്തിന്റെ മേലും കരുണകാണിക്കട്ടെ! ഇസ്ലാം നല്ലനിലയിൽ സ്ഥാപിച്ചിട്ടുള്ള അധ്യാപനങ്ങൾ നല്ലനിലയിൽ മനസ്സിലാക്കുവാനുള്ള പ്രാപ്തി നല്കട്ടെ. വിശ്വാസം നമ്മിൽ അവൻ രൂഢമൂലമാക്കട്ടെ, നേർപാതയിലൂടെ എപ്പോഴും ചരിക്കുവാനുള്ള തൗഫീക്ക് ചെയ്യട്ടെ! ഇൻശാ അല്ലാഹ് ആമീൻ!

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*